# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 421      04.06.2018 — ൽ മറുപടിക്ക്

## ഇ-പോസ് മെഷീൻ വഴിയുള്ള റേഷൻ വിതരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ. ബാബു : | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ റേഷൻ വിതരണം കുറ്റമറ്റതും കാര്യക്ഷമവുമാക്കി മാറ്റുന്നതിനായി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ; | (എ) റേഷൻ പൊതുവിതരണ രംഗം അഴിമതി വിമുക്തമാക്കുന്നതിനും സുതാര്യമാക്കുന്നതിനുമായി റേഷൻ വിതരണം പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും ഇ-പോസ് മെഷീൻ സ്ഥാപിച്ച് അർഹരായ ഉപഭോക്താവിന് മാത്രം റേഷൻ വിതരണം നടത്തി വരുന്നു. ഓരോ വിഭാഗത്തിനും അർഹതപ്പെട്ട പ്രതിമാസ റേഷൻ വിഹിതം എസ്.എം.എസ്. മുഖേന അറിയിക്കുകയും പത്രമാധ്യമങ്ങളിലൂടെ അറിയിപ്പ് നൽകുകയും ചെയ്യുന്നു. റേഷൻ വിതരണ രംഗത്തെ അഴിമതി തടയുന്നതിനായി സംസ്ഥാനതല പരിശോധനാ സംഘം രൂപീകരിച്ചിട്ടുണ്ട്. കൂടാതെ, വകുപ്പിലെ റേഷനിംഗ് ഇൻസ്പെക്ടർ മുതൽ മുകളിലോട്ടുള്ള എല്ലാ ഉദ്യോഗസ്ഥരും കൃത്യമായ പരിശോധനകൾ നടത്തുന്നുണ്ട്. |

| | |
|---|---|
| (ബി) ഇ-പോസ് മെഷീൻ വഴിയുള്ള റേഷൻ വിതരണം എല്ലാ ജില്ലകളിലും ~~നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം~~ ലഭ്യമാക്കുമോ? | (ബി) സംസ്ഥാനത്തെ എല്ലാ റേഷൻകടകളിലും 2018 മെയ് മാസം മുതൽ ഇ-പോസ് മെഷീൻ വഴിയുള്ള റേഷൻ വിതരണം ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നെറ്റ്‌വർക്ക് കണക്ഷനില്ലാത്ത 42 റേഷൻ കടകൾ ഒഴികെ മറ്റെല്ലാ കടകളിലും ഇ-പോസ് മെഷീനുകൾ മുഖേന റേഷൻ വിതരണം നടത്തി വരുന്നു. കണക്റ്റിവിറ്റി ലഭ്യമല്ലാത്ത ഇടങ്ങളിൽ ഇ-പോസ് മുഖേനയല്ലാതെ പഴയ രീതിയിൽ റേഷൻ വിതരണം നടത്തുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. അപ്രകാരമുള്ള സ്ഥലങ്ങളിൽ ബ്രോഡ് ബാൻഡ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

*സെക്ഷൻ ഓഫീസർ*